
# കയ്യൊപ്പ്



## ജി എച്ച് എസ് എസ് പുത്തൻതോട്











## ഉള്ളടക്കം

आमुख....................................................................................................................3
..........................................................................................................................4
ഓർമ്മയിലൊരു പൂക്കളം....................................................................................................4
കുഞ്ഞിപ്പൂമ്പാറ്റ...........................................................................................................5
ചില ഗുരുദേവ വചനങ്ങൾ.................................................................................................6
मेरा माँ...................................................................................................................7
ഓഖി.........................................................................................................................8
വ്യർത്ഥം....................................................................................................................9

# आमुख

बच्चा जन्म लॅतॆ ही अपने मन के भावों को प्र् कट करने का प् यास  करता फीर बडे होने पर अपने मन में आनेवाली भाव और भावनाऔं को वह रूप देने लगता है । कूछ छोटबच्चों की सृष्टि आप के सामने सविनय प् स्तुत है ।आशा है कि आप इसे खुशी से स्वीकार करेंगे ।

रीता जी

# ഓർമ്മയിലൊരു പൂക്കളം

ഓർമ്മകളിൽ കുട്ടിക്കാലത്തെ ഓണനാളുകൾ.......
തിരിച്ചുകിട്ടാനാവാത്ത വിധം മറഞ്ഞു പോയ ബാല്യം....
പരീക്ഷച്ചൂടിലാണെങ്കിലും പോക്കുവെയിലും ഇളംകാറ്റുമേറ്റ്
ചേമ്പിലക്കിമ്പിളുമായ് അയലത്തെ കൂട്ടുകാരോടൊപ്പം
പൂവിളിയുമായ് പുഴയോരത്തേക്ക്...........
പൂവേ പൊലി പൂവേ
പൂവേ പൊലി പൂവേ......
വയലറ്റ് നിറത്തിൽ നിറച്ച് പൂത്ത്നിൽക്കുന്ന
കാക്കപ്പൂവുകൾ.......
ആകുഞ്ഞുപൂക്കളുടെ മനോഹാരിത......
ഓരോ അറ്റം പിടിച്ച് നുള്ളിത്തുടങ്ങും
ആർക്കാണ് കൂടുതൽ പൂക്കൾ കിട്ടുക?
നിറഞ്ഞ ഇലകുമ്പിളുമായ് പുഴയോരത്തിരിക്കുമ്പോൾ
പുഴയുടെ സംഗീതം കാതിനിമ്പമായി,
മനസ്സിനു കുളിർമയായി..................
തിരിച്ചുനടക്കുമ്പോൾ ചുവന്ന ചെമ്പരത്തി പൂമൊട്ടുകളാണ്
ലക്ഷ്യം....

**സീന**
ജി എച്ച് എസ് എസ് പുത്തൻതോട്

# കുഞ്ഞിപ്പൂമ്പാറ്റ

*കുഞ്ഞുറോസാപ്പൂവിന്റെ കുഞ്ഞിതളുകൾക്കിടയിൽ ഒളിച്ചിരുന്നു കുഞ്ഞിപ്പൂമ്പാറ്റ. അമ്മപ്പൂമ്പാറ്റ രാവിലെ എഴുന്നേറ്റു,പൂവുകളിൽ നിന്ന് പൂവുകളിലേക്ക് പറക്കാൻ തുടങ്ങി. അമ്മ പൂമ്പാറ്റ കുഞ്ഞിപ്പൂമ്പാറ്റയെ വിളിച്ചു,"മോളേ, തേൻ തേടാൻ വരൂ...... "കുഞ്ഞിപ്പൂമ്പാറ്റ ഒന്നും മിണ്ടാതെ പൂവിതളുകൾക്കിടയിൽ പതുങ്ങിയിരുന്നു.*

*വൈകുന്നേരമായപ്പോഴേക്കും അമ്മപ്പൂമ്പാറ്റ തേനുമായി തിരിച്ചെത്തി. അമ്മയെ കണ്ടപ്പോൾ തന്നെ കുഞ്ഞിപ്പൂമ്പാറ്റ തേൻ കുടിക്കാൻ തയ്യാറായി നിന്നു. അവൾ തുള്ളിച്ചാടി അമ്മയുടെ അടുത്തെത്തി കൊഞ്ചിപ്പറഞ്ഞു ,"അമ്മേ എനിക്കു തേൻ തരൂ... വിശന്നിട്ടു വയ്യ..." അമ്മപ്പൂമ്പാറ്റ ഒന്നും പറയാതെ പറന്ന് താഴെ പ്ലാവിൻ ചുവട്ടിൽ ചെന്നിരുന്നു. എന്നിട്ട് കുഞ്ഞിപ്പൂമ്പാറ്റയെ വിളിച്ചു . "വാ മോളേ വന്നു തേൻ കുടിക്കൂ.....". കുഞ്ഞിപ്പൂമ്പാറ്റ കുഞ്ഞിച്ചിറക് വിടർത്തി താഴേക്ക് പറക്കാൻ ശ്രമിച്ചു. അപ്പോൾ അമ്മപ്പൂമ്പാറ്റ വീണ്ടും റോസപ്പൂവിന്റെ അടുത്തേക്ക് പറന്നു . ഇതു കണ്ട കുഞ്ഞിപ്പൂമ്പാറ്റയും പൂവിന്റെ അടുത്തേക്ക് പറക്കാൻ നോക്കി. അപ്പോഴേക്കും*

*അമ്മപ്പൂമ്പാറ്റ പ്ലാവിൻചുവട്ടിലെത്തിയിരുന്നു. ഒരുവിധത്തിൽ കുഞ്ഞിയും താഴെയെത്തി . അപ്പോഴേക്കും അവളുടെ കുഞ്ഞിക്കാലുകളും കുഞ്ഞിച്ചിറകുകളും വേദനിക്കാൻ തുടങ്ങിയിരുന്നു. അമ്മപ്പൂമ്പാറ്റ അവിടെ കിടന്ന പ്ലാവിലയിൽ* കൊണ്ടുവന്ന തേൻ ഒഴിച്ചുകൊടുത്തു . അവൾ അതുമുഴുവൻ ആർത്തിയോടെ കുടിച്ചു.അവളുടെ വയർനിറഞ്ഞു. ക്ഷീണിച്ചിരിക്കുന്ന അവളോട്, ചിരിച്ചുകൊണ്ട് അമ്മ പറഞ്ഞു ."ഒത്തിരി കഷ്ടപ്പെട്ടിട്ടാണു അമ്മ ഈ തേൻ നിനക്ക് കൊണ്ടുവന്നത് ഇന്നുനിന്നെ ഞാൻ തേൻ തേടാൻ വിളിച്ചപ്പോൾ മടികാണിച്ച് പൂവിനിടയിൽ ഒളിച്ചിരുന്നു ."കുഞ്ഞിക്ക് തന്റെ തെറ്റുമനസ്സിലായി അവൾ അമ്മയോട് പറഞ്ഞു ,"നാളെ മുതൽ ഞാൻ അമ്മയോടൊപ്പം തേൻ തേടാൻ വരും."അമ്മപ്പൂമ്പാറ്റ കുഞ്ഞിയെ കെട്ടിപ്പിടിച്ചു .പിറ്റേന്ന് രാവിലെ അമ്മയൊടൊപ്പം കുഞ്ഞിപ്പൂമ്പാറ്റയും തേൻ തേടിപ്പോകാൻ തയ്യാറായി.

# ചില ഗുരുദേവ വചനങ്ങൾ

➔ വാദിക്കാനും ജയിക്കാനും അല്ല അറിയാനാണ് വിദ്യ.

➔ വിവേകം താനെ വരില്ല യത്നിക്കണം ധാരാളം വായിക്കണം

➔ ഈ ലോകം സത്യത്തിലാണ് സ്ഥിതിചെയ്യുന്നത് അതുകൊണ്ട് കള്ളം
പറയരുത്, സത്യം മാത്രം പറയുക.

➔ മടിയൻമാരായി ജീവിക്കുന്നത് നീതിക്ക് നിരക്കാത്തത്.

➔ ശീലിച്ചാൽ ഒന്നും പ്രയാസം ഇല്ല, തീയിലും നടക്കാം.

➔ കൃഷി ചെയ്യണം, കൃഷിയാണ് ജീവരാശിയുടെ നട്ടെല്ല്.

➔ നാം ദൈവത്തിന്റെ പ്രതിപുരുഷൻമാത്രം ,ശരീരം വെറും ജഡം.

➔ ***എല്ലാവരും ഈശ്വരനെയാണ് ആരാധിക്കുന്നത് ബിംബത്തെ അല്ല.***

# मेरा माँ

प्यारी माँ,प्यारी माँ ,

मेरि अच्चि प्यारी मा ।

वे मेरा सच्चे दोस्त है ।

प्यारी माँ प्यारी माँ ।

मेरी अच्छी प्यारी माँ ।

मेरी माँ से बहूत ।

प्यारी करती हूँ ।

प्यारी माँ प्यारी माँ ।

# ഓഖി

ഭൂമിദേവിതൻ ഞരമ്പുക
ളിൽ വന്നു പതിച്ചൊരഗ്നി
ജനങ്ങളിൽ നെടുവീർപ്പി
ട്ടോടുന്ന കാഴ്ച എൻ കണ്ണു
കളിൽ മറയാത്ത കരടുപോലെ
എൻ വീടും കടലമ്മയുടെ മടി
ത്തട്ടിനംശമായി തിരമാലകൾ
ആടിയുലഞ്ഞ് നൃത്തം ചവിട്ടി
മണ്ണിൻ ശിരസ്സിലേക്ക്
ഓരോ വീടിനും ഉൾത്തട്ടി
ലായ് കടലമ്മയുടെ നൃത്തമാട്ടം
വാർത്തകൾ ടിവിയിൽ
അടങ്ങാത്ത ശബ്ദവുമായ്
മുഴങ്ങി പിറ്റേന്നെൻ
കണ്ണുകൾ തിരഞ്ഞതു
പത്രത്തിന്നുമേൽ ഒരു
കുട്ടിയുടെ ഇടറിയ ശബ്ദം
"എൻ അച്ഛൻ വരും
വരാതിരിക്കില്ല!”
ഭൂമിക്കുമേൽ പതിച്ച
വൻ ദുരന്തമല്ലോ **ഓഖി.**

**ഭാഗ്യലക്ഷ്മി പി .എൻ.**
**9 B**

# വ്യർത്ഥം

ഒരു നീർകുമിളപോൽ ക്ഷണികമീ ജിവിതം
മരുയാത്ര ചെയ്യുന്ന വഴിപോക്കരാണു നാം
വഴി വെളിച്ചം പകർന്നിടാം മടിക്കാതെ പിന്നാലെ
വരുന്നോർക്ക് നന്മതൻ മാതൃകനൽകിടാം
വിദ്യാധനമൊന്നു സ്വന്തമായ് നൽകിടാം
വിത്തത്തിനായൊത്തിരി-
യാർത്തി വെടിഞ്ഞിടാം

നേടുന്നതന്നുമേ നേട്ടങ്ങളല്ലെന്നും
നേരറിവാണതു സത്യമെന്നോതിടാം
ഒരു വിത്തിന്നുള്ളിലാ-
യൊരു വൃക്ഷമൊളിക്കുന്നതും
ഒരു കല്ലിനുള്ളിലാ-
യൊരു ശില്പമൊളിക്കുന്നതും
ഒന്നു ചീയുമ്പോളൊന്നിനു വളമായിടേണം
ഒന്നു ക്ഷമിച്ചീടുകിലോ
പക മാഞ്ഞുപോയിടും

സ്നേഹബന്ധങ്ങളെയിഴ-ചേർത്തു നിർത്തീടാം
മോഹവലയത്തിനതിരുകൾ തീർത്തിടാം
താങ്ങായ് കരങ്ങളെ  കോർത്തുപിടിച്ചിടാം
താഴ്മയിൽ ജീവിതം മുന്നോട്ടു പോയിടാം

കാടും പുഴകളും കാനനഭംഗികളൊക്കെയും
കാലത്തിനിച്ഛയ്ക്കു കാണിക്ക നൽകിടാം
കാത്തുസൂക്ഷിച്ചിടാം ബന്ധങ്ങളോരോന്നും
കണ്ണിൻതിളക്കങ്ങൾ മാഞ്ഞുപോകും വരെ

കൂട്ടായി നിന്നിടാം വൃദ്ധജനങ്ങൾക്ക
കൂടൊന്നൊരുക്കിടാം കുരുന്നുമൊഴികൾക്ക
വന്മരമൊന്നുപോൽ തണലേകി നിന്നിടാം
വ്യർത്ഥമാകാതെയീ ജീവിതയാത്ര തുടർന്നിടാം

ഒരു കുന്നിന്നരുകിലാ-
യൊരു കുഴികണ്ടിടാം
ഒരു മല പർവ്വതമായി വളർന്നിടാം
ഒരു തിരകടലായി തീരത്തണഞ്ഞിടാം
ഒരുമയെ തോൽപ്പിക്കാനാവില്ല നിശ്ചയം
ഒരു പകൽപോൽ കടന്നുപോം ജീവിതം

നേട്ടങ്ങളൊന്നുമേ കൂടെയണയില്ലാ
പിന്നെയെന്തിനായി നാം
ആർത്തിപൂണ്ടിങ്ങനെ
പിൻതിരിഞ്ഞീടുക
വ്യർത്ഥമെന്നറിയുക

നിഴലും നിലാവും മറഞ്ഞു പോകും
വേളയിൽ നിഴൽപോലുമില്ലാതെ മടങ്ങേണ്ടവർ നമ്മൾ
ആർത്തു ചിരിച്ചിടാം ആമോദമേകിടാം
ആനേരമെന്തെന്നുമേതെന്നുമറിയില്ല